# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4725 — 29.06.2012 ൽ മറുപടിക്ക്

## ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം സുതാര്യവും ജനോപകാരപ്രദവുമാക്കുന്നതിനുള്ള നടപടികൾ

**ചോദ്യം**

ശ്രീ. തോമസ് ഉണ്ണിയാടൻ :
,, സി. എഫ്. തോമസ്:
,, മോൻസ് ജോസഫ് :
,, റ്റി. യു. കുരുവിള :

(എ) ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം സുതാര്യവും കൂടുതൽ ജനോപകാരപ്രദവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

ഡോ. എം. കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി )

(എ) ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനം സുതാര്യവും കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനും എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ടാഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവാൻമാരാക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ യഥാസമയവും, കാര്യക്ഷമവുമായും നൽകുന്നതിനും മറ്റു പ്രവർത്തനങ്ങൾക്കുമായി ഗ്രാമ പഞ്ചായത്തുകളിൽ ഐ.കെ.എം ന്റെ നേതൃത്വത്തിൽ കമ്പ്യൂട്ടർവൽക്കരണം നടന്നു വരുന്നു.

ഗ്രാമപഞ്ചായത്തുകളുടെ റവന്യൂ അക്കൗണ്ടിംഗ് പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവത്ക്കരിച്ചതുവഴി അതത് ദിവസത്തെ സാമ്പത്തിക സ്ഥിതിയും ചെലവ് വിവരങ്ങളും ആസ്തി ബാദ്ധ്യതാ വിവരങ്ങളും കൃത്യമായി പരിശോധിച്ച് തിട്ടപ്പെടുത്തുന്നുണ്ട്. കൂടാതെ സാംഖ്യ, സുലേഖ തുടങ്ങിയ സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുന്നുണ്ട്. അതിലൂടെ ഗ്രാമ പഞ്ചായത്തുകളിലെ ഫണ്ടുകൾ വിനിയോഗിക്കുന്നതിന് കൃത്യതയും സുതാര്യതയും കൈവരുത്താൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിനുള്ള റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

| | | | |
|---|---|---|---|
| (ബി) | പഞ്ചായത്തുകൾക്ക് ധനവിനിയോഗം സംബന്ധിച്ച് കൂടുതൽ അധികാരം, കൂടുതൽ ജീവനക്കാരുടെ നിയമനം, സ്വന്തമായിട്ടുള്ളതും കൂടുതൽ സൗകര്യങ്ങളുള്ളതും സുരക്ഷിതവുമായ കെട്ടിടങ്ങൾ തുടങ്ങിയവ അടിയന്തിരമായി അനുവദിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | പഞ്ചായത്തുകളുടെ ധന വിനിയോഗം സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. ഗ്രാമ പഞ്ചായത്തുകളിലെ ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നതിന് വേണ്ടി ഗ്രാമ പഞ്ചായത്തുകളിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. നിലവിൽ എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും സ്വന്തമായി കെട്ടിടമുണ്ട്. കൂടുതൽ സൗകര്യങ്ങളുള്ളതും സുരക്ഷിതവുമായ കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളുടെ തനതു ഫണ്ട്, പദ്ധതി വിഹിതം എന്നിവയിൽ നിന്നും തുക വിനിയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ